പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1747 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **അംഗൻവാടി വർക്കർമാരുടെ ക്ഷേമനിധി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. മോൻസ് ജോസഫ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷന്‍ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം അടുത്ത വർഷത്തെ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു-വരുന്നു. |
| (ബി) | അംഗൻവാടി ജീവനക്കാരെ മുഴുവനും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ക്ഷേമനിധി പദ്ധതിയുടെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ് പദ്ധതി പ്രകാരം ഓണറേറിയം വാങ്ങി സേവനമനുഷ്ഠിക്കുന്ന എല്ലാ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർ-മാർക്കും കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് എന്ന് പേരുള്ള ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതാണ്.<br><br>പ്രസ്തുത ക്ഷേമനിധി പദ്ധതി മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ , ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുന്നതിനുമുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. കൂടാതെ ടി പദ്ധതി, ഒരു ക്ഷേമനിധി ബോർഡിനു കീഴിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ